പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 7449

14/07/2014- ൽ മറുപടിക്ക്

## ഹൈടെക് ഡെയറി ഫാം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി:<br>ശ്രീ. പി.എ.മാധവൻ:<br>ശ്രീ. കെ. മുരളീധരൻ:<br>ശ്രീ. വി.പി.സജീന്ദ്രൻ : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് മൃഗസംരക്ഷണ വകുപ്പിന്റെ ഫാമുകളിൽ ഹൈടെക് ഡെയറി സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ; | എ) 13 -ാം ധനകാര്യ കമ്മീഷൻ അവാർഡ് 2011-2015 വരെയുള്ള മൃഗസംരക്ഷണ പദ്ധതികളിൽ ഉൾപ്പെടുത്തി മൃഗസംരക്ഷണ വകുപ്പിന്റെ രണ്ട് ഫാമുകളിൽ ഹൈടെക് ഡയറി ഫാം സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ വിതുര ജഴ്സി ഫാമിലും, കൊല്ലം ജില്ലയിലെ കുര്യോട്ടുമല ബഫല്ലോ ബ്രീഡിംഗ് ഫാമിലും ആണ് ഹൈടെക് ഡയറി ഫാമുകൾ സ്ഥാപിക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതിയ്ക്കായി ഓരോ ഫാമിനും ആകെ 20 കോടി രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്. |
| ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കുമോ; | ബി) 1. നിലവിലുള്ള ഫാമിനെ നൂതന ഹൈടെക് ഡയറി ഫാം ആക്കി മാറ്റുക.<br>2. സംസ്ഥാനത്ത് പാലുല്പാദനം വർദ്ധിപ്പിക്കുക.<br>3.ശുദ്ധമായ പാലുല്പാദനം പ്രോത്സാഹിപ്പിക്കുക.<br>4. ഗുണമേന്മയുള്ള പശുക്കുട്ടികളെ കർഷകർക്ക് വിതരണം ചെയ്യുക.<br>5. നിലവിലുള്ള പരിശീലന സംവിധാനങ്ങൾ നവീകരിക്കുക.<br>6. ഫാമിനെ ഒരു മാതൃകാ യൂണിറ്റാക്കി മാറ്റുക. |
| സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് പദ്ധതി നടത്തിപ്പിനായി ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | സി) കേന്ദ്ര ഗവൺമെന്റിന്റെ 13 -ാം ധനകാര്യ കമ്മീഷൻ അവാർഡ് മുഖേനയാണ് ഹൈടെക് ഫാമുകൾ സ്ഥാപിക്കുന്നത്. പദ്ധതി കാലയളവ് 2015 മാർച്ച് വരെയാണ്. |

2011-15 കാലയളവിലേയ്ക്കായി ഓരോ ഫാമിനും 20 കോടി രൂപ വീതമാണ് അനുവദിക്കുന്നത്. ഫണ്ടിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

| വിതുര ഫാം | ആകെ |
|---|---|
| 2011-12 | 3 കോടി രൂപ |
| 2012-13 | 5 കോടി രൂപ |
| 2013-14 | 6.5 കോടി രൂപ |
| 2014-15 (ഇനി ലഭിക്കേണ്ടത് | 5.5 കോടി രൂപ |

| കര്യോട്ടുമല | ആകെ |
|---|---|
| 2011-12 | 3 കോടി രൂപ |
| 2012-13 | 4 കോടി രൂപ |
| 2013-14 | 5.5 കോടി രൂപ |
| 2014-15 (ഇനി ലഭിക്കേണ്ടത് | 7.5 കോടി രൂപ |

ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഡി) 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് മുഖേനയുള്ള പദ്ധതികളായതിനാൽ എസ് എൽ.ഇ.സി (സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റി) നിശ്ചിത സമയങ്ങളിൽ യോഗം ചേർന്ന് പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. ടി പദ്ധതികൾ കാര്യക്ഷമമായി നടത്തുന്നതിന് ഡയറക്ടേറ്റ് തലത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി യോഗങ്ങളിലും, പദ്ധതി പുരോഗതി സംബന്ധിച്ച് അവലോകനം നടത്താറുണ്ട്. സർക്കാർ തലത്തിലും, വകുപ്പ് തലത്തിലും പ്രത്യേക അവലോകന യോഗങ്ങൾ നടത്താറുണ്ട്. ടി പദ്ധതികൾ ദ്രുതഗതിയിൽ ഹൗസിംഗ് ബോർഡ് മുഖേന പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ